# NATIONAL BULLETIN

**DATE: 24.04.2026** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. പശ്ചിമബംഗാളിലെ ഒന്നാംഘട്ട നിയമസഭ തിരഞ്ഞെടുപ്പിൽ 92.88 ശതമാനവും തമിഴ്നാട്ടിൽ 85.15 ശതമാനവും പോളിംഗ് രേഖപ്പെടുത്തി. പശ്ചിമബംഗാളിലെ രണ്ടാം ഘട്ട വോട്ടെടുപ്പിന്റെ പ്രചാരണം പുരോഗമിക്കുന്നു.

   **The first phase of assembly elections in West Bengal recorded 92.88 percent turnout, while Tamil Nadu recorded 85.15 percent. Campaigning for the second phase of voting in West Bengal is in progress.**

2. പശ്ചിമേഷ്യൻ പ്രതിസന്ധിയുമായി ബന്ധപ്പെട്ട സംഭവവികാസങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്ര സർക്കാർ.

   **The central government said that it is closely monitoring the developments related to the West Asian crisis.**

3. രാജ്യസഭാ എം.പിമാരായ രാഘവ് ഛദ്ദ, സന്ദീപ് പഥക്, അശോക് മിത്തൽ എന്നിവർ ആം ആദ്മി പാർട്ടിയിൽ നിന്ന് രാജിവച്ചു.

   **Rajya Sabha MPs Raghav Chadha, Sandeep Pathak and Ashok Mittal resigned from the Aam Aadmi Party.**

4. സ്വന്തം താൽപര്യത്തിന് വിരുദ്ധമായി ഗർഭം ധരിക്കാൻ, പ്രായപൂർത്തിയാകാത്ത

പെൺകുട്ടികളുൾപ്പെടെ ഒരു സ്ത്രീയെയും നിർബന്ധിക്കരുതെന്ന് സുപ്രീംകോടതി.

The Supreme Court has said that no woman, including minor girls, should be forced to carry a pregnancy against her will.

5. കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സാധ്യതയുള്ളതിനാൽ അങ്കണവാടികളുടെ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ തീരുമാനം.

Severe heat continues in Kerala. It has been decided to suspend the functioning of Anganwadis for a week due to the possibility of a heat wave.

6. ഐ.എസ്.എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെതിരെ ഗോവയ്ക്ക് ജയം. ഐ.പി.എല്ലിൽ ഗുജറാത്തിനെതിരെ ടോസ് നേടിയ ബെംഗളൂരു, ഫീൽഡിംഗ് തിരഞ്ഞെടുത്തു.

Goa wins against NorthEast United in ISL football. Bengaluru, which won the toss against Gujarat in IPL, elected to field.

❁❁❁❁❁❁❁❁❁❁❁❁❁

## WB - POLLING

പശ്ചിമബംഗാളിലെ ഒന്നാംഘട്ട നിയമസഭ തിരഞ്ഞെടുപ്പിൽ 92.88 ശതമാനവും തമിഴ്നാട്ടിൽ 85.15 ശതമാനവും പോളിംഗ് രേഖപ്പെടുത്തി. തമിഴ്നാട്ടിലെ 234 നിയമസഭാ മണ്ഡലങ്ങളിലും പശ്ചിമ ബംഗാളിൽ 152 മണ്ഡലങ്ങളിലായിരുന്നു ഇന്നലെ വോട്ടെടുപ്പ് നടന്നത്. പശ്ചിമ ബംഗാളിൽ ഈ മാസം 29 നാണ് 142 മണ്ഡലങ്ങളിലേക്കുള്ള രണ്ടാം ഘട്ട വോട്ടെടുപ്പ്.

❁❁❁❁❁❁❁❁❁❁❁❁❁

## PM-WB CAMPAIGNING

പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. ദക്ഷിണ 24 പർഗാനാസ് ജില്ലയിലെ തിരഞ്ഞെടുപ്പ് റാലിയെ പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ, തൃണമൂൽ കോൺഗ്രസ് മേധാവി മമത ബാനർജി, ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി എന്നിവരും വിവിധയിടങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

❋❋❋❋❋❋❋❋❋❋❋❋❋

## SC : WB-SIR

പശ്ചിമ ബംഗാളിലെ എസ്.ഐ.ആർ വോട്ടർ പട്ടിക പരിഷ്കരണത്തെത്തുടർന്ന് പേര് ഒഴിവാക്കപ്പെട്ടവർ നൽകിയ റിട്ട് ഹർജികൾ സുപ്രീം കോടതി തള്ളി. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരായി നിയോഗിക്കപ്പെട്ടവർ പോലും പട്ടികയിൽ നിന്ന് പുറത്തായ സാഹചര്യത്തിലാണ് കോടതിയെ സമീപിച്ചത്. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കാൻ രൂപീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണലുകളെ സമീപിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് ഹർജിക്കാരോട് നിർദേശിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കുകൾ പ്രകാരം പശ്ചിമ ബംഗാളിലെ പട്ടിക പുതുക്കിയപ്പോൾ 61 ലക്ഷം പേർ വോട്ടർ പട്ടികയ്ക്ക് പുറത്തായിരുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

## GOVT-WEST ASIA BRIEFING (INTRO)

രാജ്യത്തുടനീളം ഗാർഹിക എൽ.പി.ജി വിതരണം സുഗമമാണെന്നും ഒരിടത്തും വിതരണ തടസ്സങ്ങൾ റിപ്പോർട്ട് ചെയ്യിട്ടില്ലെന്നും കേന്ദ്ര സർക്കാർ അറിയിച്ചു. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം വിലയിരുത്തി ന്യൂഡൽഹിയിൽ

ചേർന്ന അന്തർ മന്ത്രാലയ സമ്മേളനത്തിൽ പെട്രോളിയം പ്രകൃതി വാതക മന്ത്രാലയ സെക്രട്ടറി സുജാത ശർമ്മയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

(വോയിസ് - സുജാത ശർമ്മ)

പശ്ചിമേഷ്യൻ പ്രതിസന്ധിയുമായി ബന്ധപ്പെട്ട എല്ലാ സംഭവവികാസങ്ങളും മന്ത്രാലയം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## AAP MPs RESIGN

രാജ്യസഭാ എം.പിമാരായ രാഘവ് ചദ്ദ, സന്ദീപ് പഥക്, അശോക് മിത്തൽ എന്നിവർ ആം ആദ്മി പാർട്ടി വിട്ടു. താനും എ.എ.പി വിട്ട മറ്റ് എം.പിമാരോടൊപ്പം ബി.ജെ.പിയിൽ ചേരുമെന്ന് ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് രാഘവ് ചദ്ദ പറഞ്ഞു. രാജ്യസഭയിലെ ആം ആദ്മി പാർട്ടിയുടെ മൂന്നിൽ രണ്ട് വിഭാഗം അംഗങ്ങളും ബി.ജെ.പിയിൽ ലയിക്കാൻ തീരുമാനിച്ചതായും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## SC-PREGNANCY TERMINATION

സ്വന്തം താത്പര്യത്തിന് വിരുദ്ധമായി ഗർഭം ധരിക്കാൻ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുൾപ്പെടെ ഒരു സ്ത്രീയെയും നിർബന്ധിക്കാൻ ഒരു കോടതിക്കും അധികാരമില്ലെന്ന് സുപ്രീം കോടതി. 15 വയസ്സുകാരിയായ പെൺകുട്ടിക്ക് ഏഴ് മാസത്തിലധികം പ്രായമുള്ള ഗർഭം അലസിപ്പിക്കാൻ അനുമതി നൽകിക്കൊണ്ടാണ് ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ചിന്റെ ഉത്തരവ്. സ്വന്തം ശരീരത്തെക്കുറിച്ചും പ്രത്യുൽപാദനത്തെക്കുറിച്ചും തീരുമാനമെടുക്കാനുള്ള അവകാശം ഭരണഘടനയുടെ 21-ാം അനുച്ഛേദപ്രകാരമുള്ള സ്വകാര്യതയുടെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും

ഭാഗമാണെന്ന് കോടതി നിരീക്ഷിച്ചു. ഇത്തരം കേസുകളിൽ അനുമതി നിഷേധിക്കുന്നത് സുരക്ഷിതമല്ലാത്തതും നിയമവിരുദ്ധവുമായ ഗർഭച്ഛിദ്ര മാർഗങ്ങൾ തേടാൻ വ്യക്തികളെ പ്രേരിപ്പിക്കുമെന്നും ഇത് ജീവന് ഭീഷണിയാണെന്നും കോടതി മുന്നറിയിപ്പ് നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## INDIAN DELEGATION – WASHINTON D C

അമേരിക്കയുമായുള്ള ഉഭയകക്ഷി വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾക്കായി ഇന്ത്യൻ പ്രതിനിധി സംഘം ഈ മാസം 20 മുതൽ 23 വരെ വാഷിംഗ്ടൺ ഡി.സി സന്ദർശിച്ചു. ഫെബ്രുവരി ഏഴിന് നടന്ന ഇടക്കാല വ്യാപാര കരാർ ചർച്ചകളുടെ തുടർച്ചയായി, കരാറിന്റെ വിശദാംശങ്ങൾ പരിഷ്കരിക്കുന്നതിനും വിപുലമായ ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി ഇരുപക്ഷവും നേരിട്ടുള്ള ചർച്ചകൾ നടത്തിയെന്ന് വാണിജ്യ മന്ത്രാലയം അറിയിച്ചു. വിപണി പ്രവേശനം, താരിഫ് ഇതര നടപടികൾ, നിക്ഷേപ പ്രോത്സാഹനം, ഡിജിറ്റൽ വ്യാപാരം, സാമ്പത്തിക സുരക്ഷാ വിന്യാസം എന്നിവ പ്രധാന വിഷയങ്ങളിൽ ഉൾപ്പെട്ടുവെന്നും മന്ത്രാലയം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## PANCHAYATI RAJ-BAGHEL

ഗ്രാമങ്ങൾ, കർഷകർ, പഞ്ചായത്തുകൾ എന്നിവയുടെയും ഗ്രാമീണ മേഖലയുടെയും സമഗ്രമായ വികസനമില്ലാതെ 'വികസിത ഭാരതം' എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ കഴിയില്ലെന്ന് കേന്ദ്ര പഞ്ചായത്തീരാജ് സഹമന്ത്രി എസ്.പി.സിംഗ് ബാഗേൽ. ദേശീയ പഞ്ചായത്തീരാജ് ദിനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശീയ പുരോഗതിക്ക് താഴെത്തട്ടിലുള്ള എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച അത്യന്താപേക്ഷിതമാണെന്ന് മന്ത്രി പറഞ്ഞു. ദേശീയ

പഞ്ചായത്തീരാജ് ദിനാഘോഷത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പഞ്ചായത്ത് പ്രതിനിധികളും പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് മറ്റന്നാൾ രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

❁❁❁❁❁❁❁❁❁❁❁❁❁

## MYTHOS (INTRO)

ബാങ്കിങ് മേഖലയിൽ നിർമ്മിത ബുദ്ധി ഉയർത്തുന്ന പുതിയ സുരക്ഷാ വെല്ലുവിളികൾ വിലയിരുത്താൻ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്നലെ ഉന്നതതല യോഗം ചേർന്നു. അത്യാധുനിക എ.ഐ മോഡലുകൾ സോഫ്റ്റ്‌വെയർ പിഴവുകളെ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നും ഇത് മുൻപില്ലാത്ത വിധമുള്ള സുരക്ഷാ വെല്ലുവിളിയാണെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി.

(വോയ്സ്)

സൈബർ ഭീഷണികളെ വേഗത്തിൽ നേരിടാൻ ഒരു സ്ഥാപനതല ഏകോപന സംവിധാനം രൂപീകരിക്കാൻ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന് ധനമന്ത്രി നിർദ്ദേശം നൽകി. ഐ.ടി, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവും പ്രമുഖ ബാങ്ക് മേധാവികളും യോഗത്തിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## NHRC-TAMIL NADU

തമിഴ്നാട്ടിലെ വിരുതുനഗർ ജില്ലയിൽ സ്വകാര്യ പടക്കനിർമ്മാണ ശാലയിലുണ്ടായ സ്ഫോടനത്തിൽ 18 തൊഴിലാളികൾ മരിക്കാനിടയായ സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. അപകടത്തിൽ ആറ് പേർക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. തമിഴ്നാട് ചീഫ് സെക്രട്ടറി, വിരുതുനഗർ പോലീസ് സൂപ്രണ്ട് എന്നിവർക്ക് കമ്മീഷൻ നോട്ടീസ് അയച്ചു. രണ്ടാഴ്ചയ്ക്കകം വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും കമ്മീഷൻ നിർദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## THRISSUR- FIRE ACCIDENT

തൃശ്ശൂർ വെടിക്കെട്ട് അപകടത്തിൽ ഒരു മരണം കൂടി. ലൈസൻസിയായ മുണ്ടത്തിക്കോട് സതീശൻ മരിച്ചു. ഇതോടെ അപകടത്തിൽ മരിച്ചവരുടെ എണ്ണം
15 ആയി. സതീശൻ 90 ശതമാനം പൊള്ളലേറ്റ് തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുകയായിരുന്നു. അതേസമയം, കാണാതായവർക്കായി നടത്തിയ തിരച്ചിലിൽ ഇന്നും ശരീരഭാഗങ്ങൾ കണ്ടെത്തി. അപകട സ്ഥലത്തു നിന്ന് ഒരു കിലോമീറ്റർ മാറിയാണ് ഇവ കണ്ടെത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## HEAT- KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. തൃശൂർ, പാലക്കാട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് ഉഷ്ണതരംഗത്തിന് സാധ്യതയുളളതിനാൽ കേന്ദ്ര കാലാവസ്ഥവകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. താപനില സാധാരണയേക്കാൾ നാല് മുതൽ 5 ഡിഗ്രി സെൽഷ്യസ് വരെ കൂടാനും സാധ്യതയുണ്ട്. ഉഷ്ണതരംഗ സാധ്യതയുള്ളതിനാൽ അങ്കണവാടികളുടെ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ തീരുമാനിച്ചു. ഉഷ്ണ തരംഗവുമായി ബന്ധപ്പെട്ട് നിലവിലുള്ള

സാഹചര്യം വിലയിരുത്തുന്നതിനായി നാളെ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേരും.

❁❁❁❁❁❁❁❁❁❁❁❁❁

## AMEBIC- VEENA GEORGE

വേനൽക്കാലത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പൊതുസ്ഥലങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവാരം ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിക്കുകയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യണം. കിണറുകളും ടാങ്കുകളും ക്ലോറിനേറ്റ് ചെയ്യണമെന്നും ആരോഗ്യ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ISL FOOTBALL

ഐ.എസ്.എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെതിരെ, ഗോവയ്ക്ക് ജയം. എതിരില്ലാത്ത രണ്ട് ഗോളിനാണ് ഗോവ- നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ തോൽപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു

ഫീൽഡിംഗ് തെരഞ്ഞെടുത്തു. ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA-UZBEKISTAN

ഇന്ത്യ-ഉസ്ബെക്കിസ്ഥാൻ സംയുക്ത സൈനിക അഭ്യാസമായ 'ഡസ്റ്റ്ലിക്' ഏഴാം പതിപ്പ് ഇന്ന് ഉസ്ബെക്കിസ്ഥാനിലെ നമംഗനിൽ സമാപിച്ചു. ഇന്ത്യൻ സായുധ സേനയിലെ 60 അംഗ സംഘത്തിൽ 45 പേർ ഇന്ത്യൻ കരസേനയിൽ നിന്നും 15 പേർ ഇന്ത്യൻ വ്യോമസേനയിൽ നിന്നുമാണ് പങ്കെടുത്തത്. നിയമവിരുദ്ധ സായുധ സംഘങ്ങളെ നിർവീര്യമാക്കുന്നതിനുള്ള സംയുക്ത പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ ഈ സൈനിക അഭ്യാസം മെച്ചപ്പെടുത്തിയതായി ഇന്ത്യൻ കരസേന സമൂഹ മാധ്യമത്തിൽ കുറിച്ചു.